**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/06/2026

1. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ അടൂർ ബ്ലോക്ക് പരിധിയിലെ അടൂർ, കൊടുമൺ, കലയൂർ, ഏനാദിമംഗലം, ഏലംകുളം, ഏറത്ത് , പള്ളിക്കൽ, കടമ്പനാട് എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് അടൂർ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470411 എന്ന നമ്പ രിൽ ബന്ധപ്പെടുക.

2. കൊല്ലം ജില്ലയിലെ ചവറ, നീണ്ടകര, എന്നീ കൃഷിഭവനുകളിൽ എസ് എച്ച് എം പദ്ധതിയുടെ ഭാഗമായി കുരുമുളക് തൈകൾ സൗജന്യമായി ലഭ്യമാണ്. താല്പര്യമുള്ള കർഷകർ അതാത്

കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ സോണൽ സലീം അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470343 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പിലാക്കി വരുന്ന ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയിലേയ്ക്ക് തിരുവനന്തപുരം/കൊല്ലം ജില്ലയിലെ ഇറച്ചി കോഴിവളർത്തൽ കർഷകരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം മുപ്പതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000922, 0471-2468585 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. 2025-ലെ സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾക്കായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അപേക്ഷ ക്ഷണിച്ചു. ഹരിത വ്യക്തി (കൃഷി ഒഴികെയുള്ള ജൈവവൈവിധ്യ രംഗം), മികച്ച സംരക്ഷക കർഷകൻ/ കർഷക - (സസ്യജാലം, ജന്തുജാലം), ജൈവവൈവിധ്യ പത്രപ്രവർത്തകൻ/ പത്രപ്രവർത്തക (അച്ചടി മാധ്യമം, ദൃശ്യ-ശ്രവ്യ മാധ്യമം), മികച്ച കാവ് സംരക്ഷണ പുരസ്കാരം (വ്യക്തി/ ട്രസ്റ്റ്), മികച്ച ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.), മികച്ച ജൈവവൈവിധ്യ സ്കൂൾ/ വിദ്യാലയം, മികച്ച ജൈവവൈവിധ്യ കോളേജ്/ കലാലയം, മികച്ച

ജൈവവൈവിധ്യ സംരക്ഷണ സ്ഥാപനം (സർക്കാർ/ സഹകരണ/ പൊതുമേഖല/ സ്വകാര്യമേഖല), മികച്ച ജൈവവൈവിധ്യ ക്ലബ് (കോളേജ്/ സ്കൂൾ) എന്നീ പുരസ്കാരങ്ങളാണ് നൽകുന്നത്. അവാർഡിനുള്ള അപേക്ഷകൾ/ നാമനിർദ്ദേശങ്ങൾ തപാൽ മാർഗം മാത്രമേ സ്വീകരിക്കുകയുള്ളൂ. പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ജൂലൈ 31-നകം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം, ടി.സി. 24/3219, നമ്പർ 43, ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഫോൺ: 0471 2724740

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ ജൈവരോഗ കീടനിയന്ത്രണ സൂക്ഷ്മാണുക്കളും ജീവാണുവളങ്ങളും വ്യാപകമായി ഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറായിരിക്കുന്നു. രോഗനിയന്ത്രണത്തിന് സൂക്ഷ്മാണുക്കളായ സ്യൂഡോമോണാസ് ഫ്ലൂറസൻസ്, ട്രൈക്കോഡർമ വിരിഡെ എന്നിവ പൊടി രൂപത്തിലും ദ്രാവക രൂപത്തിലും ലഭ്യമാണ്. കീടനിയന്ത്രണോപാധികളായ ബ്യൂവേറിയ ബാസിയാന, ലെക്കാനിസിലിയം ലെക്കാനി, മെറ്റാറൈസിയം, പേസിലോമൈസസ് തുടങ്ങിയവ ലഭ്യമാണ്. ജീവാണുവളങ്ങളായ മൈക്കോറൈസ, ഫോസ്ഫറസ് ജീവാണുവളം, അസോസ്പൈറില്ലം എന്നിവയും ജൈവകീട

രോഗ നിയന്ത്രണ കോമ്പി പായ്ക്കറ്റുകൾ, വെർമികമ്പോസ്റ്റ്, നീം ഗാർലിക് സോപ്പ് എന്നിവയും തയ്യാറാണ്. ആവശ്യക്കാർക്ക് വേണ്ട അളവിൽ പായ്ക്ക് ചെയ്ത നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് ബന്ധപ്പെടുക :- ഫോൺ : 9747238532, 0487 2699087.